LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

2011 ഫെബ്രുവരി 18, വെള്ളി

വാല്യം 145] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 9

നിയമസഭ 2011 ഫെബ്രുവരി മാസം 18-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു)

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ.....ഓർഡർ..... ചോദ്യം നമ്പർ *181.....

പോലീസുകാരുടെ ക്ഷേമത്തിനായി സ്വീകരിച്ച നടപടികൾ

1 (*181) ശ്രീ. കെ. ടി. ജലീൽ :
ശ്രീ. എ. എം. യൂസഫ് :
ശ്രീ. എ. സി. മൊയ്തീൻ :
ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസുകാരുടെ ക്ഷേമത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) പോലീസുകാർക്ക് പ്രൊമോഷൻ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനായി കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ ;

(സി) പോലീസുകാർക്കും ആഫീസർമാർക്കും താമസസൗകര്യം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പോലീസുകാർക്ക് 8 മണിക്കൂർ ഡ്യൂട്ടി സമ്പ്രദായം നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; ഇപ്പോൾ എത്ര പോലീസ് സ്റ്റേഷനുകളിലാണ് 8 മണിക്കൂർ ഡ്യൂട്ടി നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഇ) സ്റ്റേഷനുകളിൽ സ്ത്രീ ജീവനക്കാർക്കായി പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : സർ,

(എ) പോലീസ് സേനാംഗങ്ങളുടെ ക്ഷേമത്തിനായി സ്വീകരിച്ച നടപടികൾ താഴെപ്പറയുന്നവയാണ് :

1. പോലീസ് സേനാംഗങ്ങൾ അസുഖം മൂലമോ, അപകടം മുതലായവ മൂലമോ ദുരിതം അനുഭവിക്കേണ്ടിവരികയാണെങ്കിൽ അത്തരക്കാരെ സഹായിക്കുന്നതിന് കെ. പി. ഡബ്ല്യൂ & എ ഫണ്ട് ഏർപ്പെടുത്തിയിട്ടുണ്ട്.

2. ആരോഗ്യ വകുപ്പിലെ ഡോക്ടർമാരുടേയും മറ്റും സേവനം പ്രയോജനപ്പെടുത്തിക്കൊണ്ട് ചില ജില്ലകളിലും ചില ബറ്റാലിയനുകളിലും ആശുപത്രികളും ഡിസ്പെൻസറികളും പ്രവർത്തിച്ചുവരുന്നു.

3. ഡ്യൂട്ടിക്കിടയിൽ അപകടം പറ്റുന്ന പോലീസുകാർക്ക് സ്വകാര്യ ആശുപത്രികളിലെ ചികിത്സക്ക് റീ -ഇംബേഴ്സ്മെന്റ് സൗകര്യം 31-7-2002 ലെ ജി.ഒ. (എംഎസ്.) 201/2002/ ആ.കു.വ. പ്രകാരം ഏർപ്പെടുത്തിയിട്ടുണ്ട്.

4. മലപ്പുറം എം.എസ്.പി. ക്യാമ്പിൽ ഒരു മലയാളം മീഡിയം സ്കൂളും ഇംഗ്ലീഷ് മീഡിയം സ്കൂളും നിലവിലുണ്ട്. ഇതിനുപുറമേ പോലീസ് ഉദ്യോഗസ്ഥന്മാരുടെ മക്കളുടെ വിദ്യാഭ്യാസത്തിലും മെച്ചപ്പെട്ട സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് തിരുവനന്തപുരം എസ്.എ.പി. ക്യാമ്പിലും തൃശൂർ കേരളാ പോലീസ് അക്കാഡമിയിലും ഓരോ കേന്ദ്രീയ വിദ്യാലയങ്ങൾ പ്രവർത്തിച്ചുവരുന്നു.

5. പോലീസ് ക്ലബ്ബുകൾ കമ്മ്യൂണിറ്റി സെന്ററുകൾ, ചിൽഡ്രൻസ് പാർക്കുകൾ, കളിസ്ഥലങ്ങൾ തുടങ്ങിയവ പോലീസുകാരുടേയും കുടുംബാംഗങ്ങളുടെയും ക്ഷേമത്തിനും ഉല്ലാസത്തിനുമായി ഏർപ്പെടുത്തിയിട്ടുണ്ട്.

6. പോലീസുകാരുടെ ആത്മവീര്യം വർദ്ധിപ്പിക്കുന്നതിനും അവരിൽ ഐക്യ ബോധം ഉണ്ടാക്കുന്നതിനും അവരിലെ കലാ-കായിക- സാംസ്കാരിക വാസനകളെ പരിപോഷിപ്പിക്കുന്നതിനും പോലീസ് മീറ്റുകളും മറ്റും സംഘടിപ്പിച്ചുവരുന്നു. കൂടാതെ തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ ഒരു മൾട്ടി ജിംനേഷ്യം, വോളിബോൾ കോർട്ട്, ഇൻഡോർ ഷട്ടിൽ കോർട്ട് തുടങ്ങിയ കായിക വിനോദ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

7 പോലീസ് ഉദ്യോഗസ്ഥർക്ക് കൃത്യനിർവ്വഹണത്തിന് ഇടയ്ക്കുണ്ടാകുന്ന അപകടങ്ങൾ, പരിക്കുകൾ എന്നിവയെ തുടർന്നുണ്ടാകുന്ന ചികിത്സക്കും മറ്റുമായി സർക്കാർ ആവശ്യമായ തുക അനുവദിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

8. സർവ്വീസിലിരിക്കെ അപകടത്തെ തുടർന്ന് മരണപ്പെട്ടുപോകുന്ന സർക്കാർ ഉദ്യോഗസ്ഥർക്ക് ധനസഹായം നൽകുന്ന പദ്ധതിയായ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് സ്കീം നടപ്പിലാക്കിവരുന്നു.

9. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആകെ 1586 വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്. കേരളത്തിലെ എല്ലാ മുനിസിപ്പൽ ആസ്ഥാനങ്ങളിലെ പോലീസ് സ്റ്റേഷനുകളിലും വാഹനങ്ങളുടെ എണ്ണം മൂന്നായി വർദ്ധിപ്പിച്ചിട്ടുണ്ട്. ജോലി ഭാരം കൂടുതലുള്ള മറ്റ് സ്റ്റേഷനുകളിൽ വാഹനങ്ങളുടെ എണ്ണം രണ്ടായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതുകാരണം പോലീസ് സ്റ്റേഷനുകളിലേയും ഓഫീസുകളിലേയും യാത്രാ സൗകര്യം വളരെ മെച്ചപ്പെട്ടിട്ടുണ്ട്. ഇതുകൂടാതെ വനിതാ പോലീസ് കോൺസ്റ്റബിൾമാർക്ക് ഔദ്യോഗികകൃത്യനിർവ്വഹണത്തിനായി 250 സ്കൂട്ടർ വാങ്ങി നൽകിയിട്ടുണ്ട്.

10. ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം കേരളാ പോലീസ് സ്റ്റാഫ് കൗൺസിൽ മീറ്റിംഗ് വിളിച്ചുകൂട്ടുകയും പോലീസ് അസോസിയേഷനുകളുടെ വിവിധ ആവശ്യങ്ങൾ ചർച്ചചെയ്യുകയും തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

11. പോലീസ് സേനാംഗങ്ങളുടെ ക്ഷേമത്തിനായി മെസ് ഫണ്ട്, സ്പോർട്ട്സ് ഫണ്ട്, ഗാർഡൻ ഫണ്ട്, റെജിമെന്റൽ ഫണ്ട്, ക്യാന്റീൻ ഫണ്ട്. തുടങ്ങിയ പ്രൈവറ്റ് വെൽഫെയർ ഫണ്ടുകൾ നടപ്പിലാക്കിവരുന്നു.

(ബി) ലോക്കൽ പോലീസിൽ 15 വർഷം സേവനമനുഷ്ഠിച്ച പോലീസ് കോൺസ്റ്റബിൾമാർക്ക് ഹെഡ് കോൺസ്റ്റബിൾ ഗ്രേഡും, 23 വർഷംസേവനമനുഷ്ഠിച്ച ഹെഡ് കോൺസ്റ്റബിൾമാർക്ക് എ.എസ്.ഐ. ഗ്രേഡും 28 വർഷം സേവനമനുഷ്ഠിച്ച എ.എസ്.ഐ.-മാർക്ക് എസ്.ഐ. ഗ്രേഡും നൽകാൻ ഉത്തരവായിട്ടുണ്ട്. ഈ സർക്കാൻ നിലവിൽ വന്നതിനുശേഷം 2953 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ സമ്പന്ധിതമായി സേനയിലെ അംഗങ്ങൾക്ക് ഉയർന്ന തസ്തികകളിലേയ്ക്ക് നിയമാനുസരണം പ്രൊമോഷൻ നൽകിവരുന്നു.

(സി) പോലീസ് ആധുനികവൽക്കരണ പദ്ധതിയിൽ ഉൾപ്പെടുത്തി പോലീസുകാർക്കും ഓഫീസർമാർക്കും താമസ സൗകര്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടി യഥാക്രമം 2943 ലോവർ സബോർഡിനേറ്റ് ക്വാർട്ടേഴ്സുകൾ, 9 ബാരക്കുകൾ, 700 അപ്പർ സബോർഡിനേറ്റ് ക്വാർട്ടേഴ്സുകൾ എന്നിവ നിർമ്മിച്ചിട്ടുണ്ട്. പ്ലാൻ പദ്ധതി പ്രകാരം 2009-2010 സാമ്പത്തിക വർഷം അനുവദിച്ച 50 ലക്ഷം രൂപ, കെ.എ.പി. II-ാം ബറ്റാലിയൻ ആർ.ആർ. ആർ. എ ഫ്., എം.എസ്.പി. എന്നിവിടങ്ങളിലെ ബാരക്കുകളുടെ അറ്റകുറ്റപ്പണികൾ തീർക്കുന്നതിന് ഉപയോഗിച്ചിട്ടുണ്ട്. പ്രസ്തുത കേന്ദ്രങ്ങളിലെ പരിശീലനത്തിന് റിക്രൂട്ട് ചെയ്ത പോലീസുകാരുടെ താമസ സൗകര്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടിയാണ് ഈ തുക വിനിയോഗിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

2010-11 സാമ്പത്തിക വർഷത്തിൽ അനുവദിക്കപ്പെട്ട 240 ലക്ഷം രൂപ, എസ് എ പി. തിരുവനന്തപുരം, കെ. എ പി. 5-ാം ബറ്റാലിയൻ, കെ എ പി. 2-ാം ബറ്റാലിയൻ, ആർ ആർ ആർ എഫ്, എം എസ്. പി കൂടാതെ ആലപ്പുഴ, കോട്ടയം, ഇടുക്കി. തൃപ്പൂണിത്തുറ, കളമശ്ശേരി, പാലക്കാട്, മലപ്പുറം, കണ്ണൂർ, വയനാട് എന്നിവിടങ്ങളിലെ എ.ആർ. ക്യാമ്പുകളിലേയും ബാരക്കുകൾ കേടുപാട് തീർത്ത് താമസസൗകര്യം മെച്ചപ്പെടുത്തുന്നതിന് വിനിയോഗിച്ചുവരുന്നു.

(ഡി) ഇതിനകം 3 ഘട്ടങ്ങളിലായി 17 പോലീസ് ജില്ലകളിലെ 3 വീതം പോലീസ് സ്റ്റേഷനുകളിലായി ആകെ 51 പോലീസ് സ്റ്റേഷനുകളിൽ 8 മണിക്കൂർ ഡ്യൂട്ടി സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്

(ഇ) പോലീസ് ആധുനികവൽക്കരണ പദ്ധതി പ്രകാരം 242-ഉം XI th FCA പ്രകാരം 182-ഉം വനിതാ പോലീസ് വിശ്രമമുറി നിർമ്മിച്ചിട്ടുണ്ട്..

ശ്രീ. കെ. ടി. ജലീലിനുവേണ്ടി ശ്രീ. പി. കൃഷ്ണപ്രസാദ് : സർ, സമൂഹത്തിൽ കുറ്റകൃത്യങ്ങൾ പൂർണ്ണമായിട്ടും ഒഴിവാക്കാൻ നമുക്ക് സാധിക്കുകയില്ലെങ്കിലും ആ കുറ്റകൃത്യങ്ങളോടുള്ള മനോഭാവം വളരെ പ്രധാനമാണ്. നമ്മുടെ രാജ്യത്തിലെതന്നെ ഏറ്റവും മികച്ച രീതിയിലുള്ള ഒരു പോലീസ് സംവിധാനമെന്നുള്ള രൂപത്തിൽ ക്രമസമാധാനപാലനത്തിൽ കേരള പോലീസ് ഒന്നാം സ്ഥാനത്ത് നിന്നുകൊണ്ട് അഭിമാനകരമായ പ്രവർത്തനമാണ് കാഴ്ചവയ്ക്കുന്നത്. സൗമ്യയുടെ മരണവുമായി ബന്ധപ്പെട്ട് ആ പ്രതിയെ എത്രയും പെട്ടെന്ന് അറസ്റ്റ് ചെയ്യാൻ സാധിച്ചുവെന്നത് ഇതിനുള്ള. ഏറ്റവും വലിയ ഒരു ഉദാഹരണമാണ്. ഈ രൂപത്തിൽ കേസ്സന്വേഷണത്തിൽ മികച്ച മികവ് പുലർത്തുന്ന അല്ലെങ്കിൽ അതിന് മുൻകയ്യെടുക്കുന്ന ഉദ്യോഗസ്ഥന്മാർക്ക് പ്രത്യേകമായി അംഗീകാരം കൊടുക്കാനുള്ള സംവിധാനങ്ങൾ നമുക്കുണ്ടോ; അതിനെ പ്രോത്സാഹിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, കുറ്റാന്വേഷണത്തിൽ മികവ് തെളിയിക്കുന്ന പോലീസ് ഉദ്യോഗസ്ഥന്മാർക്ക് മെഡൽ കൊടുക്കുകയും മറ്റ് വിധത്തിലുള്ള പാരിതോഷികങ്ങൾ നൽകുകയും ചെയ്യുന്ന സമ്പ്രദായം ഇപ്പോൾതന്നെ നിലവിലുണ്ട്.ഈ സമീപകാലത്ത് അത്തരത്തിൽ മികവുതെളിയിച്ച വ്യക്തികൾക്കെല്ലാം സർക്കാർ വിവിധ തരത്തിലുള്ള പ്രോത്സാഹനങ്ങൾ നൽകിയിട്ടുണ്ട്.

ശ്രീ. എ. എം. യൂസഫിനുവേണ്ടി ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : സർ, എല്ലാ മേഖലയിലും സ്ത്രീകളുടെ പ്രാതിനിധ്യം വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. അതിന്റെ ഭാഗമായി പോലീസ് സേനയിൽ സ്ത്രീകളുടെ പ്രാതിനിധ്യം വർദ്ധിച്ചിട്ടുണ്ടോ; അതുപോലെതന്നെ ഉയർന്ന തസ്തികകളിൽ സ്ത്രീകളെ നിയമിക്കാനുള്ള എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ലാ ആന്റ് ഓർഡറുമായി ബന്ധപ്പെട്ട് ജോലിചെയ്യുന്ന പോലീസുകാരുടെ അംഗസംഖ്യയുടെ പത്ത് ശതമാനം വനിതകളായിരിക്കണമെന്ന് തീരുമാനിക്കുകയും അതിനനുസരിച്ച് പോലീസ് സേനയിൽ

LIBRARY ARCHIVES Kerala Legislative Assembly

വനിതാ പോലീസുകാരെ റിക്രൂട്ട് ചെയ്യുകയും ചെയ്യുന്നുണ്ട്. എന്നാൽ ഉന്നത തലങ്ങളിൽ വനിതാ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനുള്ള സംവിധാനം നമ്മുടെ സംസ്ഥാനത്ത് ഉണ്ടായിരുന്നില്ല. എസ്.ഐ.-മാരെ നിയമിക്കുമ്പോൾ ഡയറക്ട് റിക്രൂട്ട്മെന്റിൽ സ്ത്രീകൾക്ക് പ്രവേശനം കൊടുത്തിരുന്നില്ല. ഈ ഗവൺമെന്റ് അത് തിരുത്തുകയും ഇനിമുതൽ എസ്.ഐ.-മാരുടെ നിയമനത്തിന് അപേക്ഷ ക്ഷണിക്കുമ്പോൾ വനിതകൾക്കും കൂടി അപേക്ഷ കൊടുക്കാൻ സാധിക്കത്തക്ക വിധത്തിൽ ആവശ്യമായ മാറ്റം വരുത്തിക്കഴിഞ്ഞിട്ടുണ്ട്. ഇത്തവണ എസ്.ഐ.-മാരുടെ നിയമനത്തിന് അപേക്ഷ നല്കുമ്പോൾ വനിതകൾക്കും അപേക്ഷ കൊടുക്കാം. അവർക്ക് യാതൊരുവിധ കുറവും നിശ്ചയിക്കാതെ എത്ര വനിതകളെ ലഭിക്കുമോ അത്രയും വനിതകളെ എസ്.ഐ. -മാരായി നേരിട്ട് നിയമിക്കാനുള്ള നടപടി സ്വീകരിക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. എ. സി. മൊയ്തീനുവേണ്ടി ശ്രീ. മുരളി പെരുനെല്ലി : സർ, ഭരണ വർഗ്ഗത്തിനുവേണ്ടിയുള്ള മർദ്ദനോപകരണം എന്നനിലയിൽനിന്ന് ജനങ്ങളുടെ സംരക്ഷകരും അതുപോലെ സേവകരുമെന്ന നിലയിലേക്ക് പോലീസ് സംവിധാനത്തെ മാറ്റിയെടുത്ത നമ്മുടെ സംസ്ഥാനത്തെ ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി ഇന്ത്യയിലെ നമ്പർവൺ ക്രമസമാധാന പാലകനെന്നുള്ള ദേശീയ ബഹുമതി നേടിയത് വളരെ സന്തോഷകരമാണ്. എന്റെ ചോദ്യം, ആംഡ് റിസർവ് പോലീസും ലോക്കൽ പോലീസും ലയിച്ച് സിവിൽ പോലീസ് സംവിധാനം നിലവിൽ വന്നതിന്റെ ഭാഗമായി ലോക്കൽ പോലീസിന്റെ പ്രവർത്തനങ്ങളിൽ എന്തെല്ലാം മാറ്റങ്ങൾ വന്നിട്ടുണ്ടെന്നും പോലീസ് സ്റ്റേഷനുകളിൽ സ്ത്രീ സൗഹൃദ കേന്ദ്രങ്ങൾ സ്ഥാപിക്കാൻ ആവശ്യമായ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നുള്ളതിനെ സംബന്ധിച്ചും വ്യക്തമാക്കുമോ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, സിവിൽ പോലീസ് കേഡർ രൂപീകരിച്ചുവെന്നുള്ളത് പോലീസ് സേനയിൽ വരുത്തിയിട്ടുള്ള ഏറ്റവും ഘടനാപരമായ ഒരു മാറ്റമാണ്. ആംഡ് പോലീസിനേയും ലോക്കൽ പോലീസിനേയും സംയോജിപ്പിച്ചുകൊണ്ടാണ് സിവിൽ പോലീസ് കേഡർ സമ്പ്രദായം കൊണ്ടുവന്നത്. ഇനിമേൽ പോലീസുകാരെ കോൺസ്റ്റബിൾ എന്ന് വിളിക്കാൻ പാടില്ല, പകരം സിവിൽ പോലീസ് ഓഫീസർ എന്നും ഹെഡ്കോൺസ്റ്റബിൾ എന്നുള്ളത് സീനിയർ സിവിൽ പോലീസ് ഓഫീസർ എന്നും വിളിക്കണം. എല്ലാ പോലീസുകാരെയും ഓഫീസർമാർ എന്നുള്ള നിലയിലേക്ക് കൊണ്ടുവന്നു എന്നുള്ളതുകൊണ്ട് ആത്മാഭിമാനത്തോടുകൂടി ജോലി ചെയ്യാനുള്ള സാഹചര്യം സൃഷ്ടിച്ചിട്ടുണ്ട്. ഇതോടൊപ്പംതന്നെ ആംഡ് റിസർവിന്റെ ഭാഗമായി പ്രവർത്തിച്ചുകൊണ്ടിരുന്ന 12000 പോലീസുകാർ ലോക്കൽ പോലീസ് സേനയിലേക്ക് വരാനുള്ള സാഹചര്യമുണ്ടായി. ആദ്യം ബറ്റാലിയൻ, പിന്നെ ആംഡ്പോലീസ്, അതുകഴിഞ്ഞ് ലോക്കൽ പോലീസ് എന്നീ ക്രമത്തിലാണ് ലോക്കൽ പോലീസ് സേനയിലേയ്ക്ക് ഉദ്യോഗാർത്ഥികളെ നിയമിച്ചുകൊണ്ടിരിക്കുന്നത്.ഇതാണ് അതിന്റെ സിസ്റ്റം. ലോക്കൽ പോലീസ്സേനയിലേക്ക് ഒരു പോലീസുകാരൻ എത്തുമ്പോൾ 45 വയസ്സ് കഴിയും. ലോക്കൽ പോലീസ് സ്റ്റേഷനുകൾ വയസ്സന്മാരുടെ പോലീസ് സ്റ്റേഷനുകളായി മാറുന്നത് മാറ്റാനാണ് ഈ

LIBRARY ARCHIVES Kerala Legislative Assembly

സമ്പ്രദായം കൊണ്ടുവന്നത്. അപ്രകാരം യൗവനമുള്ളൊരു പോലീസ് സേനയാക്കി ലോക്കൽ പോലീസ് സ്റ്റേഷനെ മാറ്റാൻ ഈ സമ്പ്രദായം വളരെ പ്രായോഗികമാണ്. നിരവധി കമ്മീഷനുകൾ നടത്തിയിട്ടുള്ള ശിപാർശകളുടെ അടിസ്ഥാനത്തിലാണ് ഗവൺമെന്റ് ഇത് നടപ്പിലാക്കിയിട്ടുള്ളത്.

ശ്രീ. കെ. കെ. ദിവാകരനുവേണ്ടി ശ്രീ. എ. എം. ആരിഫ്: സർ, നമ്മുടെ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീ. പ്രണബ്കുമാർ മുഖർജിയാൽ അവാർഡിന് അർഹമാകത്തക്ക നിലയിൽ അങ്ങയുടെ പോലീസ് സേനയിലുള്ള പ്രവർത്തനം ശ്ലാഘനീയമാണ്. പോലീസുകാരുടെ സേവനത്തെ സംബന്ധിച്ച് പോലീസ് ആക്ടിൽ സൂചിപ്പിച്ചിട്ടുള്ള കാര്യങ്ങൾ അനുസരിച്ച് ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഞാൻ പത്തു പതിനഞ്ച് വർഷത്തോളം പോലീസ് ക്വാർട്ടേഴ്സിൽ താമസിച്ചിട്ടുള്ള ഒരു വ്യക്തിയാണ്. പഴയ ക്വാർട്ടേഴ്സുകൾ എന്നുപറഞ്ഞാൽ താമസ സൗകര്യം ഒട്ടുമില്ലാത്തതാണ്. അവയ്ക്കുപകരം പഴയക്വാർട്ടേഴ്സുകൾ നവീകരിച്ച് ഫ്ളാറ്റ് അടിസ്ഥാനത്തിലുള്ള പുതിയ ക്വാർട്ടേഴ്സുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട അംഗം എ. എം. ആരിഫ് ഒരു പോലീസ് കുടുംബാംഗമാണ്. അതുകൊണ്ടുതന്നെ ക്വാർട്ടേഴ്സുകളിൽ താമസിക്കുന്ന പോലീസുകാർ അനുഭവിക്കുന്ന ദുഃഖങ്ങൾ അദ്ദേഹത്തിന് അറിയാവുന്നതാണ്. പോലീസുകാരുടെ താമസസൗകര്യം വലിയൊരു പ്രശ്നമാണ്. അതുകൊണ്ടുതന്നെയാണ് പോലീസ് സ്റ്റേഷനോടനുബന്ധിച്ച് കഴിയാവുന്നത്ര ക്വാർട്ടേഴ്സുകൾ നിർമ്മിക്കാനുള്ള നിർദ്ദേശം ഗവൺമെന്റ് കൊടുത്തിട്ടുള്ളത്. അതോടൊപ്പംതന്നെ പോലീസ് ഹൗസിംഗ് സൊസൈറ്റി മുഖേന പോലീസുകാർക്ക് കൂടുതൽ ഭവനങ്ങൾ നിർമ്മിച്ചു കൊടുക്കാനുള്ള നടപടിയും ഇപ്പോൾ സ്വീകരിച്ചുവരുന്നുണ്ട്. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഇത്തവണത്തെ ബഡ്ജറ്റിൽ പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷന് ഒരു നിശ്ചിത തുക നീക്കിവച്ചുകൊണ്ട് ക്വാർട്ടേഴ്സുകളുടെ അറ്റകുറ്റപ്പണികൾ നടത്താനുള്ള സാഹചര്യവും സംസ്ഥാനത്ത് ഉണ്ടാക്കിയിരിക്കുകയാണ്. പോലീസ് ആക്ടിനനുസരിച്ചുതന്നെ പോലീസ് വെൽഫയർ ബ്യൂറോ രൂപീകരിക്കണമെന്ന് നമ്മുടെ നിയമസഭ അംഗീകരിച്ച നിയമത്തിനകത്ത് വ്യക്തമാക്കിയിട്ടുണ്ട്. പോലീസ് വെൽഫയർ ബ്യൂറോ രൂപീകരിക്കുന്നതിന്റെ ഭാഗമായി പോലീസ് ഉദ്യോഗസ്ഥരുടെ ആശ്രിതർക്ക് വിദ്യാഭ്യാസ സൗകര്യം, ഗ്രൂപ്പ് ഭവന നിർമ്മാണം, ഗ്രൂപ്പ് വായ്പ്പാ സൗകര്യം, വിരമിക്കലിനു ശേഷമുള്ള പോലീസ് ഉദ്യോഗസ്ഥരുടെ സാമ്പത്തിക സുരക്ഷ, ജോലിക്കിടയിൽ മരണമടയുന്നവരുടെ അവകാശികൾക്കുള്ള സാമ്പത്തിക സുരക്ഷ തുടങ്ങിയ നിരവധി മേഖലകളിൽ സർക്കാരിന് നിയമപരമായി ഇടപെടാൻ സാധിക്കുന്ന ഒരു നിയമംതന്നെ നമ്മുടെ നിയമസഭ ഉണ്ടാക്കിക്കഴിഞ്ഞിട്ടുണ്ട്. അതിനനുസരിച്ചുള്ള നടപടികൾ രൂപീകരിക്കുവാൻ പോലീസ് ഹെഡ്ക്വാർട്ടേഴ്സിൽ ആവശ്യമായ എല്ലാ നടപടികളും ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ അങ്ങ് പോലീസ് ഉദ്യോഗസ്ഥന്മാരുടെ പേര് മാറ്റി പോലീസ് ഓഫീസർമാരാക്കിയതോടുകൂടി അവരുടെ എല്ലാ കാര്യങ്ങളും സംതൃപ്തമായി എന്ന മട്ടിൽ പറയുകയുണ്ടായി. കോഴിമല രാജാവ് എന്നൊരു രാജാവുണ്ട്. അതിന്റെ അർത്ഥം തിരുവിതാംകൂർ രാജാവിന് തുല്യമാണെന്ന് നമുക്ക് പറയാൻ പറ്റുമോ; പോലീസ്കാർക്കുള്ള സൗകര്യങ്ങളും അവരുടെ ജോലിയിലെ റിസ്ക്കുമാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. എന്റെ നിയോജക മണ്ഡലത്തിന്റെ തൊട്ടടുത്ത് സ്പീഡ് നോക്കുന്നതിനുവേണ്ടി കാത്തുനിന്ന രണ്ട് വനിതാ പോലീസുകാർ വണ്ടി ഇടിച്ച് മരണപ്പെട്ടു. അവിടെ ആധുനികമായ ഡിവൈസസ് ഉണ്ട്. അത് വിനിയോഗിച്ചിരുന്നുവെങ്കിൽ അവരുടെ ജീവൻ രക്ഷിക്കാൻ പറ്റുമായിരുന്നു. ആധുനികവത്കരണമെന്ന് പറയുമ്പോൾ ആധുനികമായ ഡിവൈസസ് ഉപയോഗിച്ച് പാവപ്പെട്ട പോലീസുകാരന്റെ ജീവൻ രക്ഷിക്കുന്നതിനുവേണ്ടിയുള്ള നടപടിയുണ്ടാകുമോ; അല്ലാതെ വെൽഫെയറിനെക്കുറിച്ച് ആലോചിക്കുന്നതിൽ അർത്ഥമില്ല എന്ന് ഞാൻ അങ്ങയെ ഓർമ്മിപ്പിക്കുകയാണ്. ഇതുസംബന്ധിച്ച് ഗവൺമെന്റിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, കോൺസ്റ്റബിൾ സിവിൽ പോലീസ്സായി മാറുമ്പോൾ പോലീസുകാർക്ക് ഉണ്ടായിട്ടുള്ള അഭിമാനമെന്താണെന്ന് നേരിട്ട് കാണാൻ എനിക്ക് സാധിച്ചു. ലോകത്തെ പരിഷ്കൃത രാജ്യങ്ങളിലൊക്കെ വരുത്തിയിട്ടുള്ള ഒരു വലിയ മാറ്റമാണിത്. ഇപ്പോൾ സ്കോട്ട്ലന്റ് യാർഡ് പോലീസ് എന്ന പോലീസ് സേനയിലേക്കുള്ള നിയമനത്തിൽ ഗ്രാജ്വേറ്റ് കഴിഞ്ഞ ആളുകളെ മാത്രമേ എടുക്കുന്നുള്ളൂ. അവിടെ ഇതുപോലുള്ള ഐ.പി.എസ്. സിസ്റ്റമൊന്നുമില്ല. ആ പോലീസുകാരിൽ നിന്നാണ് അവർ ഏറ്റവും ഉയർന്ന ഓഫീസറെപ്പോലും സെലക്ട് ചെയ്യുന്നത്. നമ്മുടെ സംസ്ഥാനത്ത് അങ്ങനെ വന്നിട്ടില്ലെങ്കിലും ഓഫീസർ എന്ന് പറയുമ്പോൾ അത്തരം പോലീസ് ഓഫീസർക്ക് പെരുമാറ്റത്തിലും രീതിയിലുമെല്ലാം ചില മാറ്റങ്ങൾ ഉണ്ടാകും. അതിന്റെ ഗുണം ഈ കേരള സമൂഹത്തിന് കിട്ടുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ ആധുനികവത്കരിക്കണമെന്ന് പറഞ്ഞകാര്യം വളരെ പ്രസക്തമാണ്. അതിനായി ഇനിയും നമ്മൾ കുറേ കാര്യങ്ങൾ ചെയ്യേണ്ടതായിട്ടുണ്ട്. അങ്ങ് നിർദ്ദേശിച്ചതുപോലെയുള്ള നിരവധി കാര്യങ്ങൾ ചെയ്യാൻ പോലീസ് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. മോഡണൈസേഷന്റെ ഭാഗമായി അത് ചെയ്യാനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

ശ്രീ. എ. കെ. ചന്ദ്രൻ : സർ, ഓഫീസർമാർക്കും പോലീസുകാർക്കും താമസിക്കുന്നതിനായി വർഷങ്ങൾക്കുമുമ്പ് പണിതീർത്ത കെട്ടിടം കേടുപാടുകൾ വന്ന് താമസയോഗ്യമല്ലാത്ത രീതിയിൽ കിടക്കുകയാണെന്നും അതിന്റെ ഫലമായി എസ്.ഐ. ഉൾപ്പെടെയുള്ള ആളുകൾ വാടക വീടുകളിലാണ് താമസിക്കുന്നതെന്നുള്ളകാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, പോലീസുകാർക്കുവേണ്ടി നിർമ്മിച്ചിട്ടുള്ള ചില ക്വാർട്ടേഴ്സുകൾ താമസിക്കുവാൻ പറ്റുന്ന വിധത്തിലല്ലെന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ താമസയോഗ്യമല്ലാത്ത എല്ലാ ക്വാർട്ടേഴ്സുകളും താമസയോഗ്യമാക്കുന്നതിനുള്ള നടപടികൾ ഏറെ താമസിക്കാതെ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. പി. മോഹനൻ : സർ, അങ്ങ് പോലീസ് കോൺസ്റ്റബിളിനും ഹെഡ് കോൺസ്റ്റബിളിനും 'ഓഫീസർ' എന്ന പേര് കൊടുത്തത് എന്തായാലും നന്നായി, അവരെ സംബന്ധിച്ചിടത്തോളം വളരെ അഭിമാനമുള്ള ഒരു കാര്യമാണ്. അവരുടെ താമസസൗകര്യത്തെക്കുറിച്ച് പറയുമ്പോൾ, പഴയ കോൺസ്റ്റബിൾമാർ അടക്കമുള്ള പോലീസ് ഓഫീസർമാർക്കും അതുപോലെ തന്നെ എ.ആർ. ക്യാമ്പിലെ പോലീസുകാർക്കും പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ താമസിക്കുന്നതിന് ബാരിക്കേഡുകൾ സ്ഥാപിച്ചിട്ടുണ്ട്. പാനൂരിൽ അങ്ങനെയൊരു ബാരിക്കേഡ് ഉണ്ട്. പക്ഷേ അത് വളരെ ശോച്യാവസ്ഥയിലാണ്. അവരുടെ കക്കൂസും അതുപോലെയുള്ള മറ്റ് കാര്യങ്ങളൊക്കെ വളരെ മോശപ്പെട്ട അവസ്ഥയിലാണ്. ഞാൻ അങ്ങേക്ക് ഇതിനുമുമ്പ് ഒരു നിവേദനം തന്നിട്ടുണ്ട്. അതോടൊപ്പം തന്നെ പോലീസുകാർക്ക് വ്യായാമം ചെയ്യാൻ നല്ല സ്ഥലങ്ങളില്ലാത്തതിനാൽ അതിനുവേണ്ട സൗകര്യങ്ങൾ കൂടി ഒരുക്കുന്ന കാര്യം പരിഗണിക്കുമോ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, പോലീസ് സ്റ്റേഷനോടനുബന്ധിച്ച് സൗകര്യമുള്ള ഇടങ്ങളിലെല്ലാം ബാരക്കുകൾ നിർമ്മിച്ചുകൊടുക്കാൻ സർക്കാർ ഒരു പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്. ഘട്ടംഘട്ടമായി അത് നിർമ്മിച്ചുവരികയാണ്. പാനൂരിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം പറഞ്ഞിട്ടുള്ള കാര്യം പ്രത്യേകം ശ്രദ്ധിക്കുവാനുള്ള നിർദ്ദേശം കൊടുക്കാം. എല്ലാ ബാരക്കുകളും സൗകര്യപ്രദമായി പോലീസുകാർക്ക് താമസിക്കാൻ പറ്റുന വിധത്തിലാക്കുവാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

ശ്രീ. വി. എൻ. വാസവൻ : സർ, പോലീസ് സേനാംഗങ്ങളുടെ ക്ഷേമത്തിനായി ഒട്ടനവധി നടപടികൾ സ്വീകരിച്ചത് അഭിനന്ദനാർഹമാണ്. അക്കൂട്ടത്തിൽ ട്രാഫിക് പോലീസുകാർ അനുഭവിക്കുന്ന ഒരു വിഷമതയുണ്ട്. പൊടിയും പുകയുമേറ്റ് മിക്കവാറും ട്രാഫിക് പോലീസുകാർക്കെല്ലാം ഒന്നുകിൽ ആസ്ത്മയോ അല്ലെങ്കിൽ ബ്രോങ്കൈറ്റീസൊക്കെ പിടിപെടുന്ന ഒരു അവസ്ഥയുണ്ട്. അത്തരമൊരു സ്ഥിതിയിൽനിന്നും അവർക്ക് ഒരു മോചനമുണ്ടാകുവാൻ മാസ്ക് ധരിക്കുവാനുള്ള സൗകര്യവും ഒപ്പം അവർക്ക് തുടർച്ചയായി പരിശോധനകൾ നടത്തുവാനുള്ള സൗകര്യവും ഈ ക്ഷേമപ്രവർത്തനങ്ങളിലൂടെ കൂട്ടിച്ചേർത്തുകൂടേ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ട്രാഫിക് പോലീസുകാർ നടത്തുന്ന സേവനം വളരെ വിലപ്പെട്ടതാണ്, അവർ വളരെ ബുദ്ധിമുട്ട് അനുഭവിച്ചാണ് ജോലി ചെയ്തുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട അംഗം വി. എൻ. വാസവൻ പറഞ്ഞിട്ടുള്ള നിർദ്ദേശം പ്രായോഗികമായി നടപ്പിലാക്കേണ്ടതാണ്. അതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നതായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എ. വാഹീദ് : സർ, പോലീസുകാരുടെ ക്ഷേമത്തിന് വേണ്ടി ഒരുപാട് നടപടികൾ സ്വീകരിക്കുകയും അവരുടെ ഉദ്യോഗപ്പേര് പോലും മാറ്റി ഓഫീസർ എന്നാക്കിയിട്ടുമുണ്ട്. അവരിൽത്തന്നെ മുഴു പോലീസും അരപോലീസും കാൽ പോലീസുമൊക്കെയുണ്ട്. ലോക്കൽ പോലീസ് സ്റ്റേഷനിലെ പോലീസിനെ മുഴുപോലീസെന്നും ട്രാഫിക് പോലീസ് സ്റ്റേഷനിലെ പോലീസിനെ ഇരിക്കുന്നവരെ അര പോലീസെന്നുമാണ് പറയുന്നത്. കൂടാതെ ഒരു കാൽ പോലീസുണ്ട്. അത് ആരും അറിയുന്നില്ല. ട്രാഫിക് വാർഡൻമാരായി കുറേ സ്ത്രീകളെ അവിടെയവിടെ നിയമിച്ചിട്ടുണ്ട്; ഈ പൊടി മുഴുവൻ തിന്നുന്നത് അവരാണ്. അവർക്ക് ആവശ്യമായ ട്രെയിനിംഗോ സംരക്ഷണമോ ലഭിക്കുന്നില്ല. അവർക്ക് ശമ്പളം കിട്ടാതിരുന്നപ്പോൾ ആഭ്യന്തരവകുപ്പുമന്ത്രിയുടെ വീട്ടിലേക്ക് സമരം ചെയ്യാൻ ചില ഓഫീസർമാർ അവരെ പറഞ്ഞ് തെറ്റിദ്ധരിപ്പിച്ചതുമൂലം കുറേ ട്രാഫിക് വാർഡന്മാർ സമരം ചെയ്തു. പോലീസിൽ സമരം ചെയ്തുകൂടായെന്ന് പാവപ്പെട്ട ഇവർക്ക് അറിഞ്ഞുകൂടാ. അതിൽ കൂടുതലും പാവപ്പെട്ട പട്ടികജാതിക്കാരാണ്, സമരം ചെയ്തവരെ ഇപ്പോൾ പുറത്താക്കിയിരിക്കുകയാണ്. അവർക്ക് ശമ്പളവുമില്ല, ജോലിയുമില്ലാത്ത ഒരു സ്ഥിതിവിശേഷമാണുള്ളത്. ഇക്കാര്യം ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. ഇന്നലെ രാവിലെ കുറേ സ്ത്രീകൾ കരഞ്ഞുകൊണ്ട് എന്റെ വീട്ടിൽ വന്നു. അതിൽ കുറേപ്പേർ എന്റെ മണ്ഡലത്തിലുള്ളവരും അതിൽത്തന്നെ ഭൂരിപക്ഷം പേരും പട്ടികജാതിക്കാരുമാണ്. അവരെ തിരിച്ചെടുക്കാനും അവർക്കാവശ്യമായ പരിശീലനം നൽകുവാനും ക്ഷേമപ്രവർത്തനങ്ങളിലൂടെ ലഭിക്കുന്ന ആനുകൂല്യം കാൽ പോലീസായ ട്രാഫിക് വാർഡൻമാർക്കും നൽകാനും നടപടി സ്വീകരിക്കുമോ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ട്രാഫിക് പോലീസ് കാൽപോലീസാണെന്ന ബഹുമാനപ്പെട്ട വാഹീദിന്റെ വിശേഷണം തന്നെ ശരിയല്ല. പോലീസിൽ ഏറ്റവും നല്ല നിലയിൽ പ്രവർത്തിക്കുന്നത് ട്രാഫിക് പോലീസാണ്. പോലീസുകാരിൽ ലോക്കൽ പോലീസ് വിഭാഗത്തിൽ പ്രവർത്തിക്കുന്നവർ മാത്രമാണ് പോലീസ് എന്നുള്ള ധാരണതന്നെ തെറ്റാണ്. മറ്റ് വിംഗുകളിൽ പ്രവർത്തിക്കുന്ന പോലീസുകാർക്കാണ് യഥാർത്ഥത്തിൽ കൂടുതൽ പരിരക്ഷ കൊടുക്കേണ്ടത്. ശമ്പള പരിഷ്ക്കരണ കമ്മീഷൻതന്നെ അത്തരത്തിലുള്ള ചില സൂചനകൾ നൽകിയിട്ടുണ്ട്. ക്രൈം ബ്രാഞ്ചിലും ട്രാഫിക്കിലും അതുപോലെ മറ്റ് വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവരായാലും ഇത്തരം വിംഗുകളെ ആകർഷകമാക്കി മാറ്റണം. അതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശങ്ങൾ തയ്യാറാക്കിവരികയാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതു പോലെ കാര്യത്തിൽ, ട്രാഫിക്ക് വാർഡർമാർ സ്ഥിരമായി നിയമിച്ചിട്ടുള്ള പോലീസ് ഓഫീസർമാരല്ല. സിറ്റി പോലീസ് കമ്മീഷണറുടെ കീഴിലുള്ള ഒരു പ്രത്യേക പദ്ധതിപ്രകാരം താൽക്കാലികമായി നിയമിക്കപ്പെട്ടവരാണ്. അവർ സമരം ചെയ്തുവെന്നാണ് ബഹുമാനപ്പെട്ട അംഗം പറഞ്ഞിട്ടുള്ളത്. ഏതുവിഭാഗത്തിൽപ്പെട്ട ആളുകളായാലും പോലീസിനകത്ത് യാതൊരു സമരവും ഗവൺമെന്റ് അനുവദിക്കുന്നതല്ല. അങ്ങനെ സമരം ചെയ്യുവാനുള്ള അവകാശം പോലീസിന് അനുവദിക്കുന്ന സ്ഥിതി നമ്മുടെ ഇപ്പോഴത്തെ ഒരു ആക്ടിലും കൊടുത്തിട്ടില്ല എന്നുള്ളതുകൊണ്ടുതന്നെ അത്തരം കാര്യങ്ങൾ ഗൗരവമായിതന്നെ പരിശോധിക്കുന്നതായിരിക്കും.

ശ്രീ. എം. ഹംസ : സർ, സംതൃപ്തിയുള്ള ഒരു പോലീസ് സംവിധാനത്തെ സൃഷ്ടിച്ചെടുക്കുന്ന കാര്യത്തിൽ അങ്ങ് ഏറെ വിജയിക്കുകയുണ്ടായി. ജനങ്ങൾക്ക് സംതൃപ്തി നൽകാൻ പോലീസ് ഇന്ന് ശ്രമിച്ചുകൊണ്ടിരിക്കുകയാണ് എന്നുള്ളതും സ്വാഗതാർഹമാണ്. ഇതിൽ ഏറ്റവും പ്രധാനമായിട്ടുള്ളത് 'ജനമൈത്രി' പോലീസാണ്. ഒറ്റപ്പാലത്ത ജനമൈത്രി പോലീസിന്റെ പദ്ധതികളെക്കുറിച്ച് അങ്ങേക്ക് നന്നായി അറിയാം. ജനമൈത്രി പോലീസിൽ പോലീസുകാരുടെ അപര്യാപ്തതയുണ്ടെന്ന പരാതിയുണ്ട്. അത് പരിഹരിക്കുന്നതിനാവശ്യമായ സംവിധാനം ഉണ്ടാക്കുമോ ; ഒറ്റപ്പാലത്ത് ഒരു പോലീസ് ക്വാർട്ടേഴ്സ് ഉണ്ടായിരുന്നു. കൂടാതെ അവിടെ ഇഷ്ടം പോലെ സ്ഥലവുമുണ്ട്. പോലീസുകാർക്ക് താമസിക്കാൻ ആവശ്യമായിട്ടുള്ള ഒരു ഫ്ളാറ്റ് നിർമ്മിക്കുന്ന കാര്യം അങ്ങയുടെ പരിഗണനയിലുണ്ടോ ; ഉണ്ടെങ്കിൽ ആ ഫ്ളാറ്റ് നിർമ്മിച്ച് പോലീസുകാർക്ക് താമസസൗകര്യം നൽകുമോ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ലോക്കൽ പോലീസിൽ 15 വർഷം സേവനമനുഷ്ഠിച്ച കോൺസ്റ്റബിൾമാർക്ക് ഹെഡ് കോൺസ്റ്റബിൾ ഗ്രേഡും 23 വർഷം സർവ്വീസ് പൂർത്തിയാക്കുന്ന ഹെഡ് കോൺസ്റ്റബിൾമാർക്ക് എ.എസ്.ഐ. ഗ്രേഡും 28 വർഷം സർവ്വീസ് പൂർത്തിയാക്കുന്ന എ.എസ്.ഐ.-മാർക്ക് എസ്.ഐ. ഗ്രേഡും കൊടുത്തത് പോലീസുകാർക്ക് നൽകിയിട്ടുള്ള ആനുകൂല്യങ്ങളിലെ പ്രധാനപ്പെട്ടതാണ്. അതിന്റെ ഭാഗമായി സംസ്ഥാന പോലീസിൽ ചേരുന്ന മഹാഭൂരിപക്ഷം പോലീസുകാർക്കും എസ്.ഐ.മാരായി റിട്ടയർ ചെയ്യാൻ സാധിക്കുന്ന സ്ഥാഹചര്യം ഇപ്പോൾ കേരളാ പോലീസിൽ സംജാതമായിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച ജനമൈത്രി പോലീസ് നമ്മുടെ സംസ്ഥാനം വികസിപ്പിക്കുന്ന തരത്തിലുള്ള ആശയമാണ്. ഈ പദ്ധതിക്ക് ദേശീയതലത്തിൽ തന്നെ അംഗീകാരം കിട്ടിക്കഴിഞ്ഞു. കേരളത്തിൽ ആരംഭിച്ചിട്ടുള്ള കമ്മ്യൂണിറ്റി പോലീസിംഗ് മറ്റ് സംസ്ഥാന ഗവൺമെന്റുകളും ഇന്ത്യാഗവൺമെന്റും ചേർന്നുകൊണ്ട് ഇന്ത്യമുഴുവൻ നടപ്പിലാക്കണമെന്നാണ് കഴിഞ്ഞ ദിവസം മുഖ്യമന്ത്രിമാരുടെയും ആഭ്യന്തര വകുപ്പുമന്ത്രിമാരുടെയും യോഗത്തിൽ ബഹുമാനപ്പെട്ട പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗ് നിർദ്ദേശിച്ചത്. ജനമൈത്രി പോലീസ് സംവിധാനം കേരളത്തിൽ ഇപ്പോൾ 43 പോലീസ് സ്റ്റേഷനുകളിൽ നല്ല നിലയിൽ പ്രവർത്തിച്ചുവരികയാണ്. ഇത് 100 പോലീസ് സ്റ്റേഷനുകളിൽ കൂടി വ്യാപിപ്പിക്കുവാനുള്ള നടപടികൾ ഇപ്പോൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ഒറ്റപ്പാലം ഈ കൂട്ടത്തിൽപ്പെടുന്ന ഒരു സ്ഥലമാണ്. അവിടെ കമ്മ്യൂണിറ്റി പോലീസിംഗും ജനമൈത്രി സുരക്ഷാ പദ്ധതിയും നല്ലനിലയിൽ പ്രവർത്തിക്കുന്നുണ്ട്. അവിടത്തെ പോലീസുകാരുടെ താമസസൗകര്യത്തിന്റെ പ്രശ്നം സൂചിപ്പിക്കുകയുണ്ടായി. പോലീസുകാർക്ക് താമസ സൗകര്യമുണ്ടാക്കുവാനുള്ള ഒരു പദ്ധതി തയ്യാറാക്കുന്നതാണ്.

ശ്രീ. വി. ഡി. സതീശൻ : സർ, ആംഡ് പോലീസ് ബറ്റാലിയൻ സംവിധാനങ്ങളെ ലോക്കൽ പോലീസുമായി മെർജ് ചെയ്തകാര്യത്തെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. അത് സർക്കാരിന്റെ ഒരു നയപരമായ കാര്യമാണ്. പക്ഷേ ശ്രദ്ധിക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രശ്നം, അവർക്കുവേണ്ടി വ്യത്യസ്തമായ പരീക്ഷകളും പരിശീലന പരിപാടികളുമാണ് നടത്തുന്നത്. അപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

വ്യത്യസ്തമായ പരീക്ഷയും വ്യത്യസ്തമായ പരിശീലന സംവിധാനവും ഏർപ്പെടുത്തുന്ന രണ്ട് വിഭാഗത്തെ ഒരുമിച്ചാക്കുന്നതിന്റെ സാംഗത്യത്തെക്കുറിച്ച് ഗവൺമെന്റ് മനസ്സിലാക്കണമെന്നാണ് എന്റെ അഭിപ്രായം. ഇവിടെ പോലീസിന്റെ ക്ഷേമത്തെക്കുറിച്ചാണ് പറയുന്നത്. കൂടുതൽ പോലീസ് സ്റ്റേഷനുകളിലേക്ക് ജനമൈത്രി സംവിധാനം അങ്ങ് ഏർപ്പെടുത്തുകയാണ്. പോലീസ് സേനാംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കാതെ ജനമൈത്രി സംവിധാനം കൂടുതൽ സ്ഥലങ്ങളിലേക്ക് ഏർപ്പെടുത്തിയാൽ ഉള്ള സ്ഥലങ്ങളിൽപോലും ഇതിന്റെ പരാജയം ഏറ്റുവാങ്ങേണ്ടിവരും എന്നൊരു സ്ഥിതിവിശേഷമുണ്ട്. റൂട്ടീൻ വർക്കായ അധിക ജോലിഭാരത്തിനുമീതെയാണ് ഇതുകൂടി കൊടുക്കുന്നത്. അല്ലാതെ അധികം പോലീസിനെ നിയമിച്ചുകൊണ്ടല്ല ജനമൈത്രി സംവിധാനം ഏർപ്പെടുത്തുന്നത് എന്നുള്ള പാളിച്ച ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ബഹുമാനപ്പെട്ട അംഗം വി. ഡി. സതീശൻ പ്രധാനമായിട്ടുള്ള 2 കാര്യങ്ങൾ ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. രണ്ടുതരം പരിശീലനം സിദ്ധിക്കുന്ന ആളുകളെ എങ്ങനെ ഒന്നിപ്പിക്കുമെന്നാണ് സിവിൽ പോലീസ് കേഡറിനെ സംബന്ധിച്ച് അദ്ദേഹം പറഞ്ഞത്. ഇത് മുൻകാലത്ത് നടന്നിരുന്ന ഒരു സംവിധാനമാണ്. മുൻകാലങ്ങളിൽ എ. ആർ. ക്യാമ്പിലുള്ളവർക്ക് പ്രത്യേകിച്ചും ലോക്കലിലുള്ളവർക്ക് പ്രത്യേകിച്ചുമാണ് റിക്രൂട്ട്മെന്റ് നടത്തിയിരുന്നത്. ഇപ്പോൾ ആ സിസ്റ്റം മാറ്റുകയും പോലീസിലേക്കുള്ള റിക്രൂട്ട്മെന്റ് കഴിഞ്ഞാൽ നേരെ ബറ്റാലിയനിലേക്കാണ് പോകുന്നത്. ബറ്റാലിയനിൽ നിശ്ചിതവർഷം സേവനമനുഷ്ഠിച്ച ശേഷമാണ് എ. ആർ. ക്യാമ്പിലേക്ക് വരുന്നത്. അവിടെ നിശ്ചിത വർഷം കഴിഞ്ഞതിനുശേഷമാണ് ലോക്കലിലേയ്ക്ക് വരുന്നത്. മുൻകാലത്ത് നിലനിന്നിരുന്ന റിക്രൂട്ട്മെന്റ് സിസ്റ്റം മാറ്റിയതോടുകൂടി അതിന്റെ പ്രായോഗികമായ പ്രശ്നം പരിഹരിച്ചിട്ടുണ്ട്. എസ്.ഐ.-മാരെ അവിടെത്തന്നെ തുടരാൻ അനുവദിക്കുകയാണെന്ന് ബഹുമാനപ്പെട്ട അംഗം സൂചിപ്പിക്കുകയുണ്ടായി. അവരെ ഇപ്പുറത്തേക്ക് കൊണ്ടുവരുന്നതിൽ പ്രായോഗികമായ ബുദ്ധിമുട്ടുമുണ്ട്, അതൊരു വാനിഷിംഗ് കാറ്റഗറിയായി മാറും. ആ എസ്.ഐ.-മാർക്ക് അവർ റിട്ടയർ ചെയ്യുന്നതുവരെ എ.ആർ-ൽ തന്നെ തുടരാം. എല്ലാവിഭാഗവുമായി ചർച്ച ചെയ്തുകൊണ്ടാണ് അത്തരത്തിലുള്ള ഒരു സംവിധാനം നടപ്പിലാക്കിയത്. ഒരു സർവ്വീസ് മാറ്ററായതുകൊണ്ട് ഇത് നടപ്പാക്കാൻ വലിയ ബുദ്ധിമുട്ടായിരുന്നു. പക്ഷേ എല്ലാവരേയും സഹകരിപ്പിച്ചുകൊണ്ടുതന്നെ നടപ്പാക്കാൻ സാധിച്ചു. ബഹുമാനപ്പെട്ട അംഗം പറഞ്ഞിട്ടുള്ള മറ്റൊരു കാര്യം, പോലീസിന്റെ അംഗസംഖ്യ വർദ്ധിപ്പിക്കാതെ എങ്ങനെ ജനമൈത്രി സംവിധാനം നടപ്പിലാക്കുമെന്നുള്ളതാണ്. അത് വളരെ ശരിയാണ്. ജനമൈത്രി പോലീസ് സ്റ്റേഷൻ നടപ്പിലാക്കുന്ന സ്ഥലങ്ങളിൽ അതിനായി 10 പോലീസുകാരെ എങ്കിലും അധികം കൊടുക്കണം, അല്ലെങ്കിൽ സ്റ്റേഷന്റെ വിസ്തൃതി കണക്കിലെടുത്ത് അധികം പോലീസുകാരെ കൊടുക്കണമെന്ന് ഇപ്പോൾ തീരുമാനിച്ചിട്ടുണ്ട്. പുതിയ ആംഡ് പോലീസ് ലോക്കലിലേക്ക് വരുന്നതിന്റെ ഭാഗമായി കൂടുതൽപേരെ ഇതിന് ഉപയോഗിക്കാൻ സാധിക്കും. അതോടൊപ്പം തന്നെ ഈ ഗവൺമെന്റ് വന്നതിനുശേഷം പുതിയതായി 3,000 പോലീസുകാരുടെ പോസ്റ്റ് ക്രിയേറ്റ് ചെയ്തിട്ടുണ്ട്. ഇപ്പോൾ എല്ലാ ഒഴിവുകളും

LIBRARY ARCHIVES Kerala Legislative Assembly

നികത്താനുള്ള നടപടികളായിട്ടുണ്ട്. ഇത് കഴിഞ്ഞ ദിവസമെടുത്ത മന്ത്രിസഭാ തീരുമാനമാണ്, ഈ തീരുമാനം വളരെ ആശ്വാസകരമായിട്ടുണ്ട്. 1200 ട്രെയിനീസ് പോസ്റ്റുകൾ പുതിയതായി ക്രിയേറ്റ് ചെയ്യാനുള്ള തീരുമാനമെടുത്തതോടുകൂടി കേരള പോലീസ് സീറോ വേക്കൻസിയുള്ള ഒരു ഡിപ്പാർട്ട്മെന്റായി മാറുന്നു വെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രത്യേകത.

ശ്രീമതി കെ. കെ. ലതിക : സർ, ഏത് പ്രശ്നം കൊണ്ടായാലും പ്രയാസകരമായ സാഹചര്യത്തിൽ പ്രവർത്തിക്കുന്ന ആളുകളാണ് പോലീസുകാർ. ഇവരുടെ ക്ഷേമത്തിനായി ഈ ഗവൺമെന്റ് ഒരുപാട് കാര്യങ്ങൾ ചെയ്തിട്ടുണ്ട്. പാസ്സായ പോലീസ് ആക്ടിൽ പോലീസുകാരുടെ ക്ഷേമപ്രവർത്തനത്തിന് എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, പോലീസ് ആക്ടിൽ 104-ാം വകുപ്പായി 'പോലീസ് വെൽഫയർ ബ്യൂറോ' എന്നൊരു വകുപ്പുതന്നെ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി സംസ്ഥാന പോലീസ് ഉദ്യോഗസ്ഥരുടെ ക്ഷേമം സംബന്ധിച്ച കാര്യങ്ങളിൽ സംസ്ഥാന പോലീസ് മേധാവി ഇതിനുള്ള സംവിധാനമുണ്ടാക്കണമെന്നും അതിനുള്ള ക്രമീകരണങ്ങൾ എന്തെല്ലാമായിരിക്കണമെന്നും നിയമത്തിൽത്തന്നെ വ്യവസ്ഥചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ അവരുടെ ആരോഗ്യ സംരക്ഷണം ഉൾപ്പെടെയുള്ള പ്രശ്നങ്ങളിൽ ഇടപെടാനുള്ള അധികാരം ഗവൺമെന്റിൽ നിക്ഷിപ്തമാക്കുന്ന ഒരു നിയമം പാസ്സാക്കിയിട്ടുണ്ട്. അതിന്റെ തുടർ നടപടി സ്വീകരിക്കുന്നതാണ്.

പ്രൊഫ. എൻ. ജയരാജ് : സർ, ശ്രീ. വി. ഡി. സതീശൻ ഇവിടെ സൂചിപ്പിച്ചതുപോലെ ജനമൈത്രി പോലീസിംഗിൽ പോലീസ് സേനയിലെ അംഗസംഖ്യ വർദ്ധിപ്പിക്കാതെ കഴിയുകയില്ല. എന്റെ ചോദ്യം, ഇപ്പോൾ പോലീസ് സേനയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്; പി. എസ്. സി.യുടെ ലിസ്റ്റ് ഇപ്പോൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഞാൻ മനസ്സിലാക്കിയിടത്തോളം ഇടുക്കി ജില്ലയിലുള്ള ലിസ്റ്റിന്റെ കാലാവധി മേയ് മാസംകൊണ്ട് അവസാനിക്കുകയാണ്. തെരഞ്ഞെടുപ്പുവരുന്ന സമയത്ത് പുതിയ പോസ്റ്റിംഗ് നടക്കാതെ വരികയും അതോടുകൂടി ആ ലിസ്റ്റ് ക്യാൻസലാകാനുള്ള സാഹചര്യവുമുണ്ടാകുകയും ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ അടിയന്തരമായി നിലവിലുള്ള ഒഴിവുകൾ നികത്താനുള്ള നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, യഥാർത്ഥത്തിൽ പോലീസ് സേനയിലേക്ക് റിക്രൂട്ട്മെന്റ് പ്രക്രിയയിലൂടെ ഏറ്റവും കൂടുതൽ പോലീസുകാരെ നിയമിച്ച ഒരു കാലഘട്ടമാണിത്. ഇപ്പോൾ പ്രസിദ്ധീകരിച്ചിരിക്കുന്ന പി. എസ്. സി. റാങ്ക് ലിസ്റ്റിൽനിന്നും പതിനായിരത്തോളം പേർക്ക് അഡ്വൈസ് മെമ്മോ അയച്ചിട്ടുണ്ട്. ആ അഡ്വൈസ് മെമ്മോ കിട്ടിയവരിൽ എണ്ണായിരത്തോളം പേർ മാത്രമേ ജോലിയിൽ പ്രവേശിച്ചിട്ടുള്ളൂ. ബാക്കി നോൺ ജോയിനിംഗ്കാരെക്കൂടി കണക്കാക്കിക്കൊണ്ട് അഡ്വൈസ് മെമ്മോ കൊടുക്കാനുള്ള നടപടി സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. ഇതോടൊപ്പം തന്നെ ഇക്കഴിഞ്ഞ ദിവസം 1200 ട്രെയിനീസ് പോസ്റ്റുകൾ കൂടി കൊടുത്തതിന്റെ ഫലമായി അടുത്ത വർഷമുണ്ടാകുന്ന ഒഴിവുകൾകൂടി കണക്കാക്കിക്കൊണ്ട് പുതിയ ട്രെയിനിംഗ് കഴിഞ്ഞ് വരുന്ന ആളുകൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

സർവ്വീസിൽ ചേരാൻ കഴിയത്തക്ക വിധത്തിൽ അത്രയും ആളുകൾക്കുകൂടി അഡ്വൈസ് മെമ്മോ കൊടുക്കുന്നതായിരിക്കും. നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നു തന്നെ ഈ നിയമനം നടത്താനുള്ള ക്രമീകരണമുണ്ടാക്കുന്നതാണ്. ഇപ്പോഴത്തെ റാങ്ക് ലിസ്റ്റിന് ഒരു പ്രത്യേകതയുണ്ട്, എസ്. എസ്. എൽ. സി. അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയാക്കിയിട്ടുള്ള അവസാനത്തെ റാങ്ക് ലിസ്റ്റാണിത്. ഇനി പോലീസിലേയ്ക്ക് വരുന്നവരുടെ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത ഹയർ സെക്കന്ററി കോഴ്സ് പ്രകാരമുള്ളതായിരിക്കുന്നതാണ്. അതുകൊണ്ട് ഈ റാങ്ക് ലിസ്റ്റിലുള്ള പരമാവധി പേർക്കും നിയമനം ലഭിക്കും. അതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. മേയ് മാസം വരെ ഈ ലിസ്റ്റ് നിലനിൽക്കുന്നതാണ്.

ശ്രീ. രാജാജി മാത്യു തോമസ്: സർ, ഇന്ന് നമ്മുടെ പോലീസിന് മാന്യമായും അന്തസ്സോടുകൂടിയും തൊഴിലെടുക്കുന്നതിന് വിഘാതമായിട്ടുള്ള പല ഘടകങ്ങളുമുണ്ട്. പോലീസ് സ്റ്റേഷനുകളിൽ ആവശ്യമായിട്ടുള്ള സ്റ്റേഷനറികൾ ലഭ്യമല്ല. സ്റ്റേഷനിൽ കസ്റ്റഡിയിലെടുക്കുന്ന കുറ്റവാളികൾക്ക് സമയാസമയങ്ങളിൽ ഭക്ഷണം കൊടുക്കുന്നതിനുള്ള സംവിധാനങ്ങളില്ല. അതുപോലെ തന്നെ നമ്മുടെ സംസ്ഥാനത്തും സംസ്ഥാനത്തിന് പുറത്തുംപോയി കുറ്റവാളികളെ പിടികൂടാൻ പോലീസുകാർ നിർബന്ധിതരാകുന്നുണ്ട്. അങ്ങനെ വരുമ്പോൾ അവിടെ അനഭിലഷണീയമായ പല നടപടിക്രമങ്ങളും പാലിക്കേണ്ടതുണ്ട്. ഇത് പരിഹരിക്കുന്നതിന് ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ആഗ്രഹിക്കുന്നത്?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ബഹുമാനപ്പെട്ട രാജാജി മാത്യു തോമസ് പറഞ്ഞിട്ടുള്ളതുപോലുള്ള ഒരവസ്ഥയാണ് പോലീസ് സ്റ്റേഷനുകളിൽ തുടർന്നുകൊണ്ടിരുന്നത്. ഇതിൽ മാറ്റംവരുത്തുന്നതിനുവേണ്ടി നിയമത്തിൽത്തന്നെ വ്യക്തമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. മുമ്പ് പോലീസ് സ്റ്റേഷൻ എങ്ങനെ പ്രവർത്തിക്കണമെന്നുപോലും ഒരു വ്യക്തതയില്ലായിരുന്നു. നമ്മൾ ഇപ്പോൾ അംഗീകരിച്ചിരിക്കുന്ന നിയമത്തിനകത്ത് പോലീസ് സ്റ്റേഷനിലുണ്ടാകുന്ന അടിസ്ഥാന സൗകര്യങ്ങൾ എന്തെല്ലാമായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതിനുള്ള നടപടി സ്വീകരിക്കും. അതോടൊപ്പംതന്നെ പോലീസ് അറസ്റ്റ് ചെയ്യുന്ന ആളുകൾക്ക് ഭക്ഷണത്തിനുള്ള ക്രമീകരണം മുമ്പുണ്ടായിരുന്നില്ല. ഈ നിയമത്തിനകത്ത് അതിനുള്ള വ്യവസ്ഥകൾ വ്യക്തമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രതികളെ പിടിക്കാൻ പോകുമ്പോൾ പലപ്പോഴും അതുമായി ബന്ധപ്പെട്ട ആളുടെ വാഹനം വാങ്ങി പോലീസ് കേസന്വേഷണത്തിനുപോകുന്ന ആക്ഷേപങ്ങൾ മുൻകാലത്തുണ്ടായിരുന്നു. അതെല്ലാം മാറ്റുന്നതിനുവേണ്ടിയുള്ള വ്യക്തമായ നിയമവ്യവസ്ഥകളാണ് ഇപ്പോൾ അംഗീകരിച്ചിട്ടുള്ളത്. അതിന്റെ ഭാഗമായി പോലീസ് പ്രവർത്തിക്കുമ്പോൾ ഈ ആക്ഷേപങ്ങൾ കുറഞ്ഞുവരുന്നതാണ്.

ശ്രീ. എ. പി. അനിൽകുമാർ : സർ, ഇതര മേഖലകളെ അപേക്ഷിച്ച് എന്നും നല്ല കഴിവുള്ള ഉദ്യോഗസ്ഥന്മാരാണ് കേരളത്തിലെ പോലീസുകാരെന്ന് നമുക്കറിയാം. അവർ ഏത് കേസ് അന്വേഷിക്കുവാനും കഴിവും പ്രാഗത്ഭ്യവുമുള്ളവരാണ്. പക്ഷേ ഇന്ന് പൊതുവായ ഒരു വിശ്വാസത്തകർച്ച കേരളത്തിലെ പോലീസ് സമൂഹത്തിന് ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഏത്

LIBRARY ARCHIVES Kerala Legislative Assembly

പ്രധാനപ്പെട്ട കേസ് വന്നാലും അത് സി. ബി. ഐ. അന്വേഷിക്കണമെന്ന ഒരു സമീപനമാണ് ഉണ്ടായിട്ടുള്ളത്. 'എന്തുകൊണ്ട് സി. ബി. ഐ.-യെപ്പോലെയുള്ള ഒരു വിംഗ് കേരളത്തിൽ ഉണ്ടായിക്കൂടാ' എന്ന് ഹൈക്കോടതിതന്നെ ചോദിച്ച ഒരു സാഹചര്യവുമുണ്ടായിട്ടുണ്ട്. പ്രധാനപ്പെട്ട കേസുകൾ അന്വേഷിക്കുമ്പോൾ കേരളത്തിലെ ജനങ്ങൾക്ക് പോലീസിൽനിന്നും പൂർണ്ണമായും നീതി ലഭിക്കുന്നില്ലെങ്കിൽ ഒരു വിശ്വാസമുണ്ടാകുന്ന സാഹചര്യം ലഭിക്കുന്നില്ല എന്നുള്ളതാണ് സത്യാവസ്ഥ. നമ്മുടെ ഉദ്യോഗസ്ഥന്മാരും സി. ബി. ഐ. ഉദ്യോഗസ്ഥന്മാരെപ്പോലെത്തന്നെ നന്നായി കേസ് അന്വേഷിക്കുവാനും കേസ് കണ്ടെത്തുവാനുമൊക്കെ കഴിവുള്ളവരാണ്. എന്നിട്ടും ജനങ്ങൾ എന്തുകൊണ്ട് ഇത്തരമൊരു രീതിയിലേക്ക് ചിന്തിക്കുന്ന സാഹചര്യമുണ്ടാകുന്നു; എന്തുകൊണ്ട് ഹൈക്കോടതിപോലും കേരളത്തിൽ ഇതുപോലെ ഒരു വിംഗ് ഉണ്ടായിക്കൂടാ എന്ന് ചോദിക്കുന്ന സാഹചര്യമുണ്ടാകുന്നു; അതിന്റെ കാരണങ്ങൾ കണ്ടെത്തി അത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, കേരളാ പോലീസ് അതിസമർത്ഥരായിട്ടുള്ള കുറ്റാന്വേഷകരുള്ള ഒരു വിഭാഗമാണ് . ഇതിന്റെ ഭാഗമായി പോലീസിലുള്ള വിശ്വാസം വർദ്ധിക്കുകയാണ് ചെയ്തിട്ടുള്ളത്. അടുത്ത കാലത്ത് നടത്തിയ ഒരു പോലീസ് അന്വേഷണം സി. ബി. ഐ.-ക്ക് വിട്ടപ്പോൾ പോലീസ് അന്വേഷിച്ച അതേ കാര്യം തന്നെയാണ് സി. ബി. ഐ.-യും കണ്ടെത്തി കോടതിയിൽ സമർപ്പിച്ചിട്ടുള്ളത്. പോലീസ് അന്വേഷിച്ചശേഷം എൻ. ഐ. എ.- ക്ക് വിട്ടപ്പോൾ കേരളാ പോലീസ് അന്വേഷിച്ച അതേ കാര്യം തന്നെയാണ് എൻ.ഐ.എ.-യും അന്വേഷിച്ച് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. അതുകൊണ്ട് കേരളാ പോലീസിന്റെ അന്വേഷണം വളരെ കാര്യക്ഷമമാണ് എന്നുള്ളതാണ് ഈ സി.ബി.ഐ.-യും എൻ.ഐ.എ.-യും അന്വേഷിച്ച ഈ കേസോടുകൂടി പുറത്തുവന്നിട്ടുള്ളത്. സി.ബി.ഐ.-ക്ക് കേസ് വിടുന്നത് പോലീസിന്റെ കാര്യക്ഷമതക്കുറവാണെങ്കിൽ ഏറ്റവും കൂടുതൽ കേസ് സി.ബി.ഐ.-ക്ക് വിട്ടത് യു. ഡി. എഫ്.-ന്റെ ഭരണകാലത്താണ്. അന്ന് സി. ബി. ഐ.-ക്ക് വിട്ട കേസ്സുകളിൽ 13 കേസ്സുകൾ ഇനിയും തെളിയിക്കാൻ ബാക്കിയുണ്ട്. അതുകൊണ്ട് സി. ബി. ഐ.-ക്ക് വിടണമെന്ന് ബന്ധപ്പെട്ട ആളുകൾ ആക്ഷേപം പറയുമ്പോൾ നമ്മൾ സ്വാഭാവികമായും കോടതിയോട് പറയാറുണ്ട്, ഞങ്ങൾക്ക് വിരോധമില്ല. അതിന്റെ അടിസ്ഥാനത്തിലാണ് കോടതി ഇത് സംബന്ധിച്ച് തീരുമാനമെടുക്കുന്നത്. ഈയ്യടുത്ത കാലത്ത് കോടതി നടത്തിയിട്ടുള്ള ഒരു നിരീക്ഷണം, പ്രത്യേകം പരിശോധിക്കേണ്ട ഒരു കാര്യമാണ്. കോടതിവിധി ലഭിച്ചതിനുശേഷം അത് സംബന്ധിച്ച് ഗവൺമെന്റ് പരിശോധിക്കും. ചില പ്രത്യേക കേസ്സുകൾ പരിശോധിക്കാൻ കൂടുതൽ പ്രാവീണ്യമുള്ള ഉദ്യോഗസ്ഥന്മാരെ ഉൾപ്പെടുത്തി ഒരു സ്പെഷ്യൽ വിംഗ് രൂപീകരിക്കേണ്ടതില്ലേ എന്നൊരു ചോദ്യം ഹൈക്കോടതി ഉന്നയിച്ചിട്ടുണ്ട്. അതിന്റെ വിശദമായ കാര്യങ്ങൾ പരിശോധിച്ചതിനുശേഷം ഗവൺമെന്റ് ഒരു തീരുമാനം കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. എസ്. സലീഖ : സർ, പോലീസുകാരുടെ ക്ഷേമത്തിനായി നിരവധി പരിപാടികൾ മാതൃകാപരമായി നടപ്പിലാക്കിയിട്ടുള്ള ഒരു സർക്കാരാണിത്. ശ്രീകൃഷ്ണപുരം മണ്ഡലത്തിലുള്ള ശ്രീകൃഷ്ണപുരം പോലീസ് സ്റ്റേഷൻ ദീർഘകാലമായി വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. വളരെ മോശമായ ഒരു സാഹചര്യത്തിലാണ് സ്റ്റേഷന്റെ പ്രവർത്തനം നടന്നു വരുന്നത്. പോലീസ് സ്റ്റേഷന്റെ കെട്ടിടത്തിനുവേണ്ടി പ്രത്യേക ഫണ്ടും മാറ്റിവച്ചിട്ടുണ്ട്. പക്ഷേ അതിന്റെ സ്ഥലത്തിനാവശ്യമായിട്ടുള്ള ഫണ്ടല്ല എന്നതു കൊണ്ടുതന്നെ അതിന്റെ പ്രവർത്തനം ഇന്നും മുടങ്ങി കിടക്കുകയാണ്. അതു കൊണ്ട് അതിന്റെ എസ്റ്റിമേറ്റ് പുതുക്കി ആ സ്ഥലത്തിനനുസരിച്ച് പോലീസ് സ്റ്റേഷന്റെ കെട്ടിടത്തിന് ഫണ്ട് അനുവദിച്ച് കിട്ടിയാൽ നന്നായിരുന്നു. അവിടെ ജോലിചെയ്യുന്ന പോലീസുകാർ വളരെ പ്രയാസപ്പെട്ട സാഹചര്യത്തിലാണ് ഇന്ന് ജോലി ചെയ്യുന്നത്. ഇത് മാറ്റി എടുക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ശ്രീകൃഷ്ണപുരം പോലീസ് സ്റ്റേഷനുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗം സലീഖ ഉന്നയിച്ചിട്ടുള്ള പ്രശ്നം ഗൗരവമുള്ളതാണ്. അത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവിടെ സ്ഥലത്തിന്റേയും മറ്റും പ്രശ്നങ്ങൾ വന്നതുകൊണ്ടാണ് അങ്ങനെ സംഭവിച്ചത്. ഇതിനാവശ്യമുള്ള അടിയന്തര നടപടി സ്വീകരിക്കാൻ നിർദ്ദേശം കൊടുക്കുന്നതാണ്.

ശ്രീ. സി. പി. മുഹമ്മദ് : സർ, സമൂഹത്തിൽ പോലീസുകാരന്റെ ജോലി ഏറ്റവും പിരിമുറുക്കമുള്ളതാണ്. വണ്ടി തട്ടി മാംസക്ഷണങ്ങളായി ചിതറിയ ജഡത്തിന് പോലീസുകാരൻ കാവൽനിൽക്കുന്നത് കാണാറുണ്ട്. തൂങ്ങിമരിച്ചിടത്തും പ്രേതത്തിന് കാവൽനിൽക്കാൻ വിധിക്കപ്പെട്ടവനാണ് പോലീസുകാരൻ. പോലീസുകാരൻ നാൽക്കവലയിൽ വച്ച ചെണ്ടയുമാണ്, ആർക്കും കൊട്ടാവുന്ന ഒരു വിഭാഗവുമാണ്. അതുകൊണ്ട് ഇവർക്ക് ആവശ്യമായ കൗൺസലിംഗ് നടത്താൻ പദ്ധതിയുണ്ടോ ; അതുപോലെ ബിരുദാനന്തര ബിരുദമുള്ള പോലീസുകാർ നമ്മുടെ സർവ്വീസിലുണ്ട്. അവരെ പ്രത്യേകമായി തരം തിരിച്ച് പരിശീലനം കൊടുത്ത് ആവശ്യമായ പ്രൊമോഷൻ കൊടുക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, കേരളാ പോലീസ് ആർക്കും കൊട്ടാവുന്ന ഒരു ചെണ്ടയല്ല. പഴയകാലത്തെ ഒരു സ്ഥിതി വച്ചുകൊണ്ട് ശ്രീ. സി. പി. മുഹമ്മദ് അങ്ങനെ പറയുന്നതാണ്. അതിൽനിന്നൊക്കെ വളരെയധികം മാറ്റങ്ങൾ വന്നിട്ടുണ്ട്. ആത്മാഭിമാനമുള്ള ഒരു സേനയായി കേരളാ പോലീസ് ഇന്ന് മാറിയിട്ടുണ്ടെന്നുള്ളത് സമീപകാലത്ത് പോലീസ് സേനയിൽ വന്ന വലിയൊരു മാറ്റമാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ തുടർന്ന് കാര്യങ്ങൾ നമുക്ക് പരിശോധിക്കാവുന്നതാണ്. പോസ്റ്റ് ഗ്രാഡ്യുവേഷനെ സംബന്ധിച്ച് .....

മി. സ്പീക്കർ : അത് എല്ലാ ഡിപ്പാർട്ടുമെന്റിലുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : അല്ല...അല്ല....അദ്ദേഹം പറഞ്ഞ പ്രകാരമാണെങ്കിൽ പോലീസിനകത്ത് ഗ്രാഡ്വോറ്റ്സിനും പോസ്റ്റ് ഗ്രാഡ്വോറ്റ്സിനും എസ്.ഐ.-മാരുടെ റിക്രൂട്ട്മെന്റ് നടക്കുമ്പോൾ അപേക്ഷ കൊടുക്കാവുന്നതാണ്. അവർക്ക് ആ പരിഗണനയിൽ നിശ്ചിത കാലാവധി അനുവദിച്ചിട്ടുണ്ട്.

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, വനിതാ സൗഹൃദ പോലീസ് സ്റ്റേഷൻ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുവെന്ന അങ്ങയുടെ ഒരു പ്രസ്താവന കാണാനിടയായി. എത്ര പോലീസ് സ്റ്റേഷനുകൾ വനിതാ സൗഹൃദ പോലീസ് സ്റ്റേഷനുകളായി മാറ്റിയിട്ടുണ്ട്; അതിന്റെ പ്രായോഗികമായ പ്രവർത്തന രീതി എന്താണ് ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, സംസ്ഥാനത്തെ 160 സർക്കിൾ ഓഫീസുകൾ സ്ത്രീ സൗഹൃദ പോലീസ് കേന്ദ്രങ്ങളാക്കി മാറ്റാൻ തീരുമാനിച്ചിട്ടുണ്ട്. സോഷ്യൽ വെൽഫെയർ ഡിപ്പാർട്ടുമെന്റുമായി ചേർന്ന് ഒരു വനിതാ അഭിഭാഷകയുടെ സേവനം എല്ലാ സർക്കിൾ ഓഫീസുകളുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തുന്നതാണ്. പരാതിയുമായി വരുന്ന സ്ത്രീകൾക്ക് നിയമപരമായി പരാതി നിലനിൽക്കത്തക്ക വിധത്തിലുള്ള ഉപദേശംകൂടി കൊടുക്കത്തക്കവിധത്തിലുള്ള ക്രമീകരണം എല്ലാ സർക്കിൾ ഓഫീസുകളുമായി ബന്ധപ്പെട്ട് ചെയ്യാനാണ് ആഭ്യന്തര വകുപ്പും സോഷ്യൽ വെൽഫെയർ ഡിപ്പാർട്ടുമെന്റുംകൂടി തീരുമാനിച്ചിട്ടുള്ളത്. അത് സമൂഹത്തിൽ വരുന്ന വലിയൊരു മാറ്റമായിരിക്കും.

ശ്രീ. റ്റി. എൻ. പ്രതാപൻ : സർ, പന്ത്രണ്ടാം കേരള നിയമസഭയുടെ പതിനേഴാം സമ്മേളനത്തിന്റെ അവസാനത്തെ വെള്ളിയാഴ്ചയാണിത്.

മി. സ്പീക്കർ: യെസ്.....ചോദ്യം ചോദിക്കൂ.....

ശ്രീ. റ്റി. എൻ. പ്രതാപൻ : പതിനേഴാം സമ്മേളനത്തിൽ ആഭ്യന്തര വകുപ്പു മന്ത്രിയുടെ അവസാനത്തെ ചോദ്യോത്തര ദിവസമാണ്. എന്റെ ചോദ്യം, കേരളാ പോലീസിൽ നിരവധി കായിക പ്രതിഭകളുണ്ട്. വോളീബോൾ ടീമും ഫുട്ട്ബോൾ ടീമും ഉൾപ്പെടെയുള്ള നല്ല പ്രഗത്ഭരായ ടീമുകൾ നമ്മുടെ പോലീസിൽ ഉണ്ടായിരുന്നു. ഇന്ന് അത് ചുരുങ്ങി ചുരുങ്ങി വരികയാണ്. കായിക പ്രതിഭകളായ നിരവധി ആളുകൾക്ക് നിയമനം കിട്ടിയിട്ടുമുണ്ട്. അതുകൊണ്ട് പഴയ കാലത്തെ നമ്മുടെ പോലീസിന്റെ ഫുട്ട്ബോൾ, വോളീബോൾ ഉൾപ്പെടെയുള്ള ടീമുകൾ പുനഃസംഘടിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, പന്ത്രണ്ടാം കേരള നിയമസഭയിൽ ആഭ്യന്തര വകുപ്പിന്റെ അവസാനത്തെ ചോദ്യോത്തര ദിവസമാണ്. അതുകൊണ്ടാണ് ബഹുമാനപ്പെട്ട മെമ്പർമാർക്ക് വിവരങ്ങൾ അറിഞ്ഞോട്ടേ എന്ന നിലക്ക് കഴിയാവുന്നത്ര കാര്യങ്ങൾ പറഞ്ഞത്. ഇത്രയും പറഞ്ഞിട്ടും കാര്യങ്ങൾ മനസ്സിലാകാത്ത ആളുകൾ ഇതിലുണ്ടെന്നുള്ളതുകൊണ്ട് എനിക്ക് അതിൽ ദുഃഖവുമുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട റ്റി. എൻ. പ്രതാപന്റെ ചോദ്യം.....

മി. സ്പീക്കർ : സ്പോർട്ട്സ് ക്വാട്ട നിയമനം സംബന്ധിച്ചാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞിരിക്കുന്നത് സ്പോർട്ട്സ് ക്വാട്ട നിയമനം സംബന്ധിച്ചാണ്; 13 വർഷക്കാലമായി കേരളാ പോലീസിൽ സ്പോർട്ട്സ് ക്വാട്ടാ നിയമനം നടന്നിട്ടില്ല. ബഹുമാനപ്പെട്ട റ്റി.എൻ. പ്രതാപൻ ഈ ചോദ്യം ചോദിച്ചതിൽ എനിക്ക് അഭിമാനമുണ്ട്, ഇന്നലെ 62 സ്പോർട്ട്സ്മാൻമാരെ കേരളാ പോലീസിൽ സ്പോർട്ട്സ് ക്വാട്ടയിലൂടെ നിയമനം നല്കാൻ തീരുമാനമെടുക്കുകയും 62 പേർക്ക് നിയമനവും കൊടുത്തിട്ടുണ്ട്. അടുത്ത വർഷം കേരളാ പോലീസിൽ 100 പേരെകൂടി നിയമിക്കാനുള്ള നടപടിയും ആരംഭിച്ചുകഴിഞ്ഞുവെന്ന് ഞാൻ വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. ഇതിന്റെ ഭാഗമായി ഫുട്ബോൾ-വോളീബോൾ ടീമുകളെല്ലാം രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇന്നലെ നല്ല ഫുട്ബോൾ പ്ലയേഴ്സിനെയാണ് പോലീസിലേക്ക് റിക്രൂട്ട് ചെയ്തിരിക്കുന്നത്.

ശ്രീ. കെ. വി. അബ്ദുൾഖാദർ : സർ, കേരളം കുറ്റകൃത്യങ്ങൾ ഏറ്റവും കൂടിയ ഒരു സംസ്ഥാനമാണെന്ന ഒരു പ്രചരണമുണ്ട്. യഥാർത്ഥത്തിൽ അഖിലേന്ത്യാ ശരാശരിയുമായി താരതമ്യം ചെയ്യുമ്പോൾ കേരളം കുറ്റകൃത്യങ്ങളുടെ കാര്യത്തിൽ കൂടുതലാണോ, മുന്നിലാണോ, കുറവാണോ എന്ന് വ്യക്തമാക്കുമോ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഇന്ത്യാ ഗവൺമെന്റിന്റെ ക്രൈം റെക്കോർഡ്സ് ബ്യൂറോ തയ്യാറാക്കുന്ന കണക്കനുസരിച്ച് മേജർ കുറ്റകൃത്യങ്ങൾ ഏറ്റവും കുറഞ്ഞ സംസ്ഥാനങ്ങളിൽ ഒന്നാം സ്ഥാനത്ത് നില്ക്കുന്നത് കേരളമാണ്; കേന്ദ്ര ഭരണ പ്രദേശങ്ങളിൽ മേജർ കുറ്റകൃത്യങ്ങൾ നടക്കുന്നത് പോണ്ടിച്ചേരിയിലാണ്. ഏറ്റവും കൂടുതൽ കുറ്റകൃത്യം രജിസ്റ്റർ ചെയ്യപ്പെടുന്നത് കേരളവും പോണ്ടിച്ചേരിയും എന്നാണ് പറയുന്നത്. ഇതിനു കാരണം ട്രാഫിക് അപകടങ്ങൾ ക്രൈംസിലാണ് ഉൾപ്പെടുന്നത്. നമ്മുടെ സംസ്ഥാനത്ത് ഉണ്ടാകുന്ന കുറ്റകൃത്യങ്ങളിൽ 40 ശതമാനം ട്രാഫിക് അപകടങ്ങളാണ്. ട്രാഫിക് അപകടങ്ങൾ വർദ്ധിച്ചുവരുന്നു എന്നത് ഒരു വസ്തുതയാണ്. അതോടൊപ്പംതന്നെ അന്യായമായിട്ടുള്ള സംഘം ചേരലിന്റെ പേരിൽ കേസ്സെടുക്കുന്ന ഒരു സ്റ്റേറ്റാണ് കേരളം. നാലിൽ കൂടുതൽ ആളുകൾ അനുവാദമില്ലാതെ സംഘം ചേർന്ന് ഒരു പ്രകടനം നടത്തിയാൽ ഇവിടെ കേസ്സെടുക്കും അതിന്റെ ഭാഗമായി ഇത്തരത്തിലുള്ള കേസ്സുകൾ ഏറ്റവും കൂടുതലുള്ള ഒരു സ്റ്റേറ്റ് കേരളമാണ്. ക്രൈം 143-ാം വകുപ്പ് പ്രകാരം എടുക്കുന്ന കേസ് ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ റെക്കോർഡസ് പ്രകാരം riot അതായത് കലാപമായിട്ടാണ് രേഖപ്പെടുത്തുന്നത്. ഏറ്റവും കൂടുതൽ പ്രകടനം നടത്തുന്ന സ്റ്റേറ്റ് കേരളമാണ്. അതിന്റെ അടിസ്ഥാനത്തിൽ എടുക്കുന്ന കേസ്സുകൾ കൂടി ചേരുമ്പോഴാണ് ഏറ്റവും കൂടുതൽ കുറ്റകൃത്യങ്ങൾ രജിസ്റ്റർ ചെയ്യപ്പെടുന്നുവെന്ന് പറയുന്നത്. അതുമാത്രമല്ല ചെറിയ അടിപിടി കേസുപോലും ഇവിടെ രജിസ്റ്റർ ചെയ്യും. ഇത്തരം കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നതുകൊണ്ടാണ് ഇവിടെ കൊലപാതകങ്ങളുടെ എണ്ണം ഏറ്റവും കുറയ്ക്കാൻ സാധിച്ചിട്ടുള്ളത്. മുൻ യു.ഡി.എഫ്. ഭരണ കാലത്തും ക്രൈംസിന്റെ കാര്യത്തിൽ കേരളം തന്നെയായിരുന്നു മുൻപന്തിയിൽ ഉണ്ടായിരുന്നത്. അതുകൊണ്ട് കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നത് ഒരു കുറ്റമായി കരുതുന്നില്ല. എല്ലാ പരാതികളും അന്വേഷിക്കണമെന്നതാണ് ഗവൺമെന്റിന്റെ നിലപാട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ജോർജ്: സർ, ഡി.ജി.പി. മുതൽ പോലീസുകാർ വരെയുള്ളവരുടെ ക്ഷേമകാര്യങ്ങളെക്കുറിച്ച് അങ്ങ് സൂചിപ്പിക്കുകയുണ്ടായി. ഈ ഡിപ്പാർട്ടുമെന്റിൽ പോലീസ് ഡ്രൈവർമാർ എന്ന് പറയുന്ന കുറെ പാവങ്ങളുണ്ട്. അവരുടെ കാര്യം ഇതുവരെയും അങ്ങ് പറഞ്ഞില്ല. അവർ വലിയ ഗതികേടിലാണ്.

മി. സ്പീക്കർ : അവരും പോലീസിൽപ്പെട്ടവർ തന്നെയല്ലേ.....

ശ്രീ. പി. സി. ജോർജ് : ആ കാര്യം മാത്രം അങ്ങ് ചർച്ച ചെയ്യുന്നില്ല. ആ കാര്യം ചർച്ച ചെയ്യുന്നതോടൊപ്പം ആഭ്യന്തര വകുപ്പുമന്ത്രി എന്ന നിലയിൽ ഇനി ഈ കസേരയിൽ അങ്ങ് കാണില്ല എന്ന് അങ്ങ് പറഞ്ഞ സാഹചര്യത്തിൽ, ചിലപ്പോൾ മുഖ്യമന്ത്രിയായേക്കാം, ആർക്കറിയാം, ഒരു 15 കൊല്ലം കഴിയുമ്പോൾ മുഖ്യമന്ത്രിയാകുകയില്ലായെന്ന് പറയാൻ പറ്റുമോ; അതിൽ എനിക്ക് തർക്കമില്ല. എന്റെ ചോദ്യം, ഭരണങ്ങാനത്തെ പോലീസ് സ്റ്റേഷന്റെ കാര്യം പറഞ്ഞുവെങ്കിലും അങ്ങ് അത് മൈന്റ് ചെയ്തില്ല. ആയിരക്കണക്കിന് ആളുകൾ വരുന്ന ആ സ്ഥലത്ത് ഒരു ഔട്ട്-പോസ്റ്റെങ്കിലും ഉണ്ടാക്കാനുള്ള നടപടിയുണ്ടാകുമോ; ബഹുമാനപ്പെട്ട സ്പീക്കർക്കുകൂടി വേണ്ടിയാണ് സംസാരിക്കുന്നത്. കൂടാതെ വാഗമൺ പോലീസ് സ്റ്റേഷൻ പ്രാവർത്തികമാക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ബഹുമാനപ്പെട്ട അംഗവും ഈ അവസാന ദിവസം നോക്കിയിട്ടാണ് ഈ പ്രശ്നം ഉന്നയിക്കുന്നത്. ഇനി അടുത്ത നിയമസഭയിൽ ഞാൻ വരുമോ അദ്ദേഹം വരുമോ എന്ന് ഇപ്പോൾ ആർക്കും പറയാൻ സാധിക്കില്ല. അതൊക്കെ കേരളത്തിലെ ജനങ്ങൾ തീരുമാനിക്കട്ടെ. ആര് ഏതൊക്കെ കസേരയിൽ ഇരിക്കണമെന്നൊക്കെ കേരളത്തിലെ ജനങ്ങൾ തീരുമാനിക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച ഡ്രൈവർമാരുടെ പ്രശ്നം, പോലീസിന് അകത്തുള്ള ഡ്രൈവർമാർക്ക് പോലീസുകാർക്കുള്ളതുപോലെ എല്ലാ പരിഗണനയും കേരള ഗവൺമെന്റ് കൊടുക്കുന്നുണ്ട്. ഡ്രൈവർമാരുടെ പ്രശ്നങ്ങളിൽ പ്രത്യേകിച്ച് ഗവൺമെന്റ് ഇടപെടുന്നുണ്ട്. ഡ്രൈവർമാർക്ക് എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ ഇനിയും ഗവൺമെന്റ് പരിഹരിച്ച് കൊടുക്കും. ഡ്രൈവർമാരും പോലീസിന്റെ ഭാഗമായി സ്തുത്യർഹമായി പ്രവർത്തിക്കുന്നവരാണ്. പക്ഷേ ഒന്ന് ഞാൻ വ്യക്തമാക്കുന്നു, ഡ്രൈവർമാരുടെ നിയമനങ്ങളിലും അതുപോലെ മറ്റെല്ലാ നിയമനങ്ങളിലും ഇത്രയും കാലം നടത്തിവന്ന സംവിധാനം മാറ്റാൻ ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. ഡ്രൈവർ പോസ്റ്റ് ഉൾപ്പെടെയുള്ള എല്ലാ നിയമനങ്ങളും പി.എസ്.സി. നടത്താൻ ഉത്തരവ് പുറപ്പെടുവിച്ചു കഴിഞ്ഞു. ബഹുമാനപ്പെട്ട അംഗം പറഞ്ഞ ഭരണങ്ങാനത്തിന്റെയും വാഗമണ്ണിന്റെയും കാര്യം പ്രത്യേകം ശ്രദ്ധിക്കുന്നതാണ്, അതിനുള്ള നടപടികൾ തുടർന്നും സ്വീകരിക്കുന്നതാണ്.

ശ്രീ. എ. കെ. ശശീന്ദ്രൻ : സർ, അങ്ങ് ശ്രീമതി സലീഖയുടെ ചോദ്യത്തിന് മറുപടി പറഞ്ഞപ്പോൾ ആ സ്റ്റേഷന്റെ പ്രത്യേകകാര്യം സൂചിപ്പിക്കുകയുണ്ടായി. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എല്ലാ പോലീസ് സ്റ്റേഷനുകളും സ്വന്തം

കെട്ടിടമുണ്ടാക്കി നവീകരിക്കും എന്നൊരു പ്രഖ്യാപനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടായിരുന്നു. ആ പ്രഖ്യാപനമനുസരിച്ച് നമ്മുടെ സംസ്ഥാനത്ത് ഇതിനകം എത്ര പോലീസ് സ്റ്റേഷനുകൾ സ്വന്തമായ കെട്ടിടത്തിലേക്ക് മാറ്റി; ഇനി എത്രയെണ്ണം മാറ്റാൻ ബാക്കിയുണ്ട്; അത് ഘട്ടം ഘട്ടമായി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, സംസ്ഥാനത്ത് ഇപ്പോഴുള്ള പോലീസ് സ്റ്റേഷനുകളിൽ 40-ഓളം പോലീസ് സ്റ്റേഷനുകൾക്ക് സ്വന്തമായി കെട്ടിടങ്ങൾ ഇല്ല, സ്വന്തമായി കെട്ടിടങ്ങളില്ലാത്ത എല്ലാ സ്ഥലങ്ങളിലും സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിടനിർമ്മാണം ആരംഭിക്കുവാനുള്ള തീരുമാനം ഗവൺമെന്റ് സ്വീകരിക്കുകയും അതിനുള്ള നിർദ്ദേശം കൊടുക്കുകയും പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇത്രയുംകാലം ഇവിടത്തെ പ്രധാന പ്രശ്നം പോലീസ്സ്റ്റേഷന് സ്ഥലം ഏതെങ്കിലും ഡിപ്പാർട്ടുമെന്റിൽനിന്നും വിട്ടുകിട്ടണം എന്നുള്ളതായിരുന്നു. അങ്ങനെ പല സ്ഥലത്തും സ്ഥലം കിട്ടാത്തതുകൊണ്ട് സ്ഥലം ലഭ്യമാകാത്ത സ്ഥലങ്ങളിൽ ഏതെങ്കിലും പ്രത്യേക സ്ഥലമുണ്ടെങ്കിൽ ആ സ്ഥലം പൊന്നും വിലയ്ക്കെടുത്ത് പോലീസ്സ്റ്റേഷൻ കെട്ടിടം നിർമ്മിച്ചുകൊടുക്കണമെന്ന് ഗവൺമെന്റ് തീരുമാനമെടുത്ത് കഴിഞ്ഞിട്ടുണ്ട്.

സോഷ്യൽ ഓഡിറ്റ് സെൽ

2 (*182) ശ്രീ. അൽഫോൺസ് കണ്ണന്താനം :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. എം. പ്രകാശൻ മാസ്റ്റർ :
ശ്രീ. സി. എം. ദിനേശ് മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സോഷ്യൽ ഓഡിറ്റിനെ സഹായിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) സോഷ്യൽ ഓഡിറ്റിലൂടെ പദ്ധതി പ്രവർത്തനത്തിലും മറ്റും കണ്ടെത്തുന്ന അപാകതകൾ പരിഹരിക്കുന്നതിനും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും സംവിധാനം ഏർപ്പെടുത്തുമോ ;

(സി) സോഷ്യൽ ഓഡിറ്റിനായി ചേരുന്ന ഗ്രാമസഭകളിൽ ബഹുജന പങ്കാളിത്തം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : സർ,

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സോഷ്യൽ ഓഡിറ്റിനെ സഹായിക്കുവാനായി സംസ്ഥാന തലത്തിൽ 'സംസ്ഥാന സോഷ്യൽ ഓഡിറ്റ് സെൽ' രൂപീകരിച്ചിട്ടുണ്ട്. സോഷ്യൽ ഓഡിറ്റുമായി ബന്ധപ്പെട്ട നയപരമായ തീരുമാനങ്ങൾ എടുക്കുന്നതിനും സംസ്ഥാന സോഷ്യൽ ഓഡിറ്റ് സെല്ലിന്റെ

LIBRARY ARCHIVES Kerala Legislative Assembly